# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

( നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 ഒക്ടോബർ 3,തിങ്കൾ

നമ്പർ 21

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിലെ കോഴ്സ് ഫീസ് കുറയ്ക്കണമെന്നാവശ്യപ്പെട്ട് നിയമസഭാ കവാടത്തിൽ നടത്തുന്ന നിരാഹാര സമരം അവസാനിപ്പിക്കുന്നതിന് ചോദ്യോത്തരവേള നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷം നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നതിന് ശ്രമിക്കുകയും ചെയ്തു. ബഹളമായതിനെത്തുടർന്ന് സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്തതിനാൽ രാവിലെ 8.38-ന് സ്പീക്കർ താത്കാലികമായി സഭ നിർത്തിവച്ചു.

രാവിലെ 9.39-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും സമ്മേളിച്ചു.

അംഗങ്ങളുടെ നിരാഹാര സമരത്തോടുള്ള സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിക്കുന്നതായി പ്രതിപക്ഷനേതാവ് അറിയിച്ചു. തുടർന്ന് ഐക്യജനാധിപത്യമുന്നണി, കേരളാ കോൺഗ്രസ് (എം) എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിട്ടുള്ളതായി പറയപ്പെടുന്ന ഭൂമി ഏറ്റെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സി. കെ. ശശീന്ദ്രൻ റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു.

മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ അവതരിപ്പിച്ച വിഷയങ്ങളുടെ പട്ടിക താഴെപ്പറയുന്നു:

| *ക്രമ നമ്പർ* | *അംഗത്തിന്റെ പേര്* | *വിഷയം* | *വകുപ്പുമന്ത്രി* |
|---|---|---|---|
| 1 | ശ്രീ. സി. കെ. ഹരീന്ദ്രൻ | മാരായമുട്ടത്ത് ടിപ്പർ ലോറി ഇടിച്ച് മരണപ്പെട്ട ബാലുവിന്റെയും വിപിന്റെയും കുടുംബാംഗങ്ങൾക്ക് ധനസഹായം | മുഖ്യമന്ത്രി |
| 2 | ശ്രീ. മുഹമ്മദ് മുഹസിൻ പി. | ഭാരതപ്പുഴയുടെ സംരക്ഷണം സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. എസ്. രാജേന്ദ്രൻ | കെ.ഡി.എച്ച് വില്ലേജിലെ തോട്ടം തൊഴിലാളികൾക്ക് അനുവദിച്ച പട്ടയഭൂമി കൈമാറുന്നത് സംബന്ധിച്ച് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. രാജൻ | പീച്ചിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ അനുവദിക്കുന്നത് സംബന്ധിച്ച് | വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി |
| 5 | ശ്രീ. വി. അബ്ദുറഹിമാൻ | തിരൂർ കെ.എസ്.ഇ.ബി സബ് ഡിവിഷൻ താനൂർ ആസ്ഥാനമാക്കി വിഭജിക്കുന്നത് സംബന്ധിച്ച് | വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>ചട്ടം 118 അനുസരിച്ചുള്ള ഗവൺമെന്റ് പ്രമേയം:</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ ചട്ടം 118 പ്രകാരം താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു:

"2013-ൽ പാർലമെന്റ് പാസ്സാക്കുകയും 2013 ജൂലൈ 5-ന് നിലവിൽ വരികയും ചെയ്ത ദേശീയ ഭക്ഷ്യഭദ്രത നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ

യുദ്ധകാലാടിസ്ഥാനത്തിൽ നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. എന്നാൽ നിയമം പൂർണ്ണമായും നടപ്പിൽ വരാത്ത സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന അധിക ധാന്യ വിഹിതം കേന്ദ്രം നിർത്തലാക്കിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ എ.പി.എൽ. വിഭാഗത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണംകൂടി അവസാനിപ്പിച്ച് കേന്ദ്ര മന്ത്രിസഭ തീരുമാനം എടുത്തിരിക്കുന്നു. ഇതുമൂലം കേരളത്തിന്റെ പൊതുവിതരണരംഗം അങ്ങേയറ്റം താറുമാറാകുന്ന സാഹചര്യം സംജാതമാകുകയാണ്. സമയബന്ധിതമായി കേന്ദ്രനിയമം നടപ്പിലാക്കുവാൻ തീരുമാനം കൈക്കൊള്ളുകയും അതിൻപ്രകാരം നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ കേന്ദ്രതീരുമാനം പുനഃപരിശോധിക്കണമെന്നും സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നിലവിലുള്ള കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ വിഹിതം തുടർന്നും ലഭ്യമാക്കണമെന്നും ഈ സഭ അഭ്യർത്ഥിക്കുന്നു."

പ്രമേയം സഭ പാസ്സാക്കി.

<u>ധനകാര്യം:</u>

<u>2016-2017 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖങ്ങൾ എന്ന XL-ാംനമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം യഥാക്രമം വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, തുറമുഖവും മ്യൂസിയവും പുരാവസ്തുവും വകുപ്പുമന്ത്രി ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ അവതരിപ്പിച്ചു. പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ച് ഒരു പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തുവച്ചു. ധനാഭ്യർത്ഥനകളെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. എം. രാജഗോപാലൻ

ശ്രീ. കെ. ജെ.മാക്സി

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. സി.കെ.നാണു

ശ്രീ. കെ. ആൻസലൻ

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എ. എം. ആരിഫ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ.കടകംപള്ളി സുരേന്ദ്രനും, തുറമുഖവും മ്യൂസിയവും പുരാവസ്തുവും വകുപ്പുമന്ത്രി ശ്രീ.കടന്നപ്പള്ളി രാമചന്ദ്രനും മറുപടി പറഞ്ഞു. അതിനുശേഷം അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ സഭ ഏകകണ്ഠമായി പാസ്സാക്കി.

2016 ഒക്ടോബർ 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 1.17-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**SECOND SESSION**

# BULLETIN – PART I

(Brief Record of Proceedings)

*Monday, October 3, 2016*

**No. 21**

The Assembly met at 8.30 a.m. with Mr.Speaker in the Chair.

The Members belonging to the opposition entered the well of the House raising slogan and tried to disrupt the question hour demanding a discussion to end the hunger strike staged by 3 Members in the foyer of the Assembly hall demanding reduction of the course fee of private self financing Medical Colleges. As it was difficult to carry-out the business of the House the Speaker temporarily adjourned the House at 8.38 a.m.

The House re–assembled at 9.39 a.m. with Mr. Speaker in the Chair.

The Leader of Opposition informed the House their decision to abstain from the rest of the business for the day, in protest against the attitude of the Government towards the hunger strike of Members. Then the Members belonging to UDF and Kerala Congress (M) staged a walkout.

*Calling Attention:*

Shri C. K. Saseendran called the attention of the Minister for Revenue and Housing to the necessity to take steps to vest the lands reported to be illegally possessed by individuals and organisations in the State. The Minister made a statement therto.

KNPP.10/2017(ii).

*Matters raised under Rule 304:*

The matters raised under Rule 304 are listed below:

| *ക്രമ നമ്പർ* | *അംഗത്തിന്റെ പേര്* | *വിഷയം* | *വകുപ്പുമന്ത്രി* |
| --- | --- | --- | --- |
| 1 | ശ്രീ. സി. കെ. ഹരീന്ദ്രൻ | മാരായമുട്ടത്ത് ടിപ്പർ ലോറി ഇടിച്ച് മരണപ്പെട്ട ബാലുവിന്റെയും വിപിന്റെയും കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. മുഹമ്മദ് മുഹസിൻ പി. | ഭാരതപ്പുഴയുടെ സംരക്ഷണം | മുഖ്യമന്ത്രി |
| 3 | ശ്രീ. എസ്. രാജേന്ദ്രൻ | കെ.ഡി.എച്ച് വില്ലേജിലെ തോട്ടം തൊഴിലാളികൾക്ക് അനുവദിച്ച പട്ടയഭൂമി കൈമാറുന്നത് സംബന്ധിച്ച് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. രാജൻ | പീച്ചിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ അനുവദിക്കുന്നത് സംബന്ധിച്ച് | വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി |
| 5 | ശ്രീ. വി. അബ്ദുറഹിമാൻ | തിരൂർ കെ. എസ്. ഇ. ബി സബ് ഡിവിഷൻ താനൂർ ആസ്ഥാനമാക്കി വിഭജിക്കുന്നത് സംബന്ധിച്ച് | വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി |

The Ministers concerned made statements thereto.

*Government Resolution under rule 118:*

Shri P.Thilothaman, Minister for Food and Civil Supplies moved a resolution under rule 118 as given below:

"2013- ൽ പാർലമെന്റ് പാസ്സാക്കുകയും 2013 ജൂലൈ 5-ന് നിലവിൽ വരികയും ചെയ്ത ദേശീയ ഭക്ഷ്യഭദ്രത നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. എന്നാൽ നിയമം പൂർണ്ണമായും നടപ്പിൽ വരാത്ത സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരുന്ന അധിക ധാന്യവിഹിതം കേന്ദ്രം നിർത്തലാക്കിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ എ.പി.എൽ. വിഭാഗത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം കൂടി അവസാനിപ്പിച്ച് കേന്ദ്ര മന്ത്രിസഭ തീരുമാനം എടുത്തതീരുമാനം എടുത്തിരിക്കുന്നു. ഇതുമൂലം കേരളത്തിന്റെ പൊതുവിതരണരംഗം അങ്ങേയറ്റം താറുമാറാകുന്ന സാഹചര്യം സംജാതമാകുകയാണ്. സമയബന്ധിതമായി കേന്ദ്രനിയമം നടപ്പിലാക്കുവാൻ തീരുമാനം തീരുമാനം കൈക്കൊള്ളുകയും അതിൻപ്രകാരം നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ കേന്ദ്രതീരുമാനം പുനഃപരിശോധിക്കണമെന്നും സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നിലവിലുള്ള കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ വിഹിതം തുടർന്നും ലഭ്യമാക്കണമെന്നും ഈ സഭ അഭ്യർത്ഥിക്കുന്നു."

Then the House passed the Resolution.

*Financial Business:*

Discussion and Voting on Demands for Grants in the Revised Budget for the financial year 2016–2017.

Shri Kadakampally Surendran, Minister for Electricity and Devaswoms moved Demand No.XXXIX – Power, and Shri Ramachandran Kadannappally, Minister for Ports, Museums and Archaeology moved Demand No.XL – Ports,

for the amounts shown against them under the column 9 in the list of Demands for Grants respectively.

The Minister for Finance and Coir laid on the Table a statement under Rule 236(3) with regard to Demands No.XXXIX and XL. Cut motions were not moved.

The following Members took part in the discussion.

Shri M. Rajagopalan

Shri K. J. Maxy

Shri P. C. George

Shri V. R. Sunil Kumar

Shri C. K. Nanu

Shri K. Ansalan

Shri V. K. C. Mammed Koya

Shri E. T. Taison Master

Shri A. M. Ariff

Shri Kadakampally Surendran, Minister for Electricity and Devaswoms and Shri Ramachandran Kadannappally, Minister for Ports, Museums and Archaeology replied to the points raised in the discussion. The Demands were passed unanimously.

The House adjourned at 1.17 P.M. to meet again at 8.30 a.m. on Tuesday, October 4, 2016.

V. K. BABU PRAKASH,
*Secretary.*